REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അഴിമതി പൂർണമായി ഇല്ലാതാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **KSRTCക്ക് ഈ മാസം 122 കോടി രൂപകൂടി സഹായം അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാനത്ത് ഇന്നും അതിശക്ത മഴയ്ക്ക് സാധ്യത - അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത തുടരുന്നു.**
- **തൃശൂർ കൊടകരയിൽ അതിഥി തൊഴിലാളികൾ താമസിച്ചിരുന്ന ഇരുനില കെട്ടിടം ഇടിഞ്ഞുവീണ് മൂന്ന് പേർ മരിച്ചു.**
- **ഭൂപരിഷ്ക്കരണ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യം ഇപ്പോഴില്ലെന്ന് മന്ത്രി K രാജൻ.**

## വാർത്തകൾ വിശദമായി

അഴിമതി പൂർണമായി ഇല്ലാതാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊല്ലം വിജിലൻസ് കോടതി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വികസനപ്രവർത്തനങ്ങൾ സത്യസന്ധരായ ഉദ്യോഗസ്ഥരുടെ കൈകളിലെത്താൻ അഴിമതിക്കെതിരായ നടപടികൾ അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ ഗവൺമെന്റിന്റെ കാലയളവിൽ 680 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തതിൽ 230 ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

വിജിലൻസ് കേസുകളുടെ അതിവേഗതീർപ്പ് ലക്ഷ്യമാക്കിയാണ് കൊല്ലത്ത് കോടതി അനുവദിച്ചത്. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കേസുകളാണ് കോടതിയുടെ പരിധിയിൽ വരുന്നത്.

✪✪✪

KSRTCക്ക് ഈ മാസം 122 കോടി രൂപകൂടി ധനസഹായം അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. പെൻഷൻ വിതരണത്തിന് 72 കോടി രൂപയും, മറ്റു കാര്യങ്ങൾക്ക് 50 കോടി രൂപയുമാണ് അനുവദിച്ചത്.

ഇതോടെ, ഈ ഗവൺമെന്റിന്റെ കാലത്ത് KSRTCക്ക് അനുവദിച്ച ധനസഹായം 6,523 കോടി രൂപയായെന്ന് മന്ത്രി പറഞ്ഞു. ഈ സാമ്പത്തിക വർഷം ബജറ്റിൽ 900 കോടി രൂപയാണ് കോർപറേഷന് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 388 കോടി രൂപ മൂന്നു മാസത്തിനകം തന്നെ ലഭ്യമാക്കി.

✪✪✪

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തെ MP-മാരുടെ യോഗം അടുത്തമാസം 4 ന് തിരുവനന്തപുരത്ത് ചേരും. രാവിലെ 11 മുതൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് യോഗം. സമ്മേളനകാലത്ത് ഉന്നയിക്കേണ്ട കേരളത്തിന്റെ ആവശ്യങ്ങളിൽ ധാരണയിലെത്താനാണ് യോഗം ചേരുന്നത്.

✪✪✪

ഒഡീഷയിലെ പുരി, ജഗന്നാഥക്ഷേത്രത്തിലെ രഥയാത്ര വേളയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും എല്ലാവർക്കും ആശംസകൾ നേർന്നു. വിശ്വാസത്തിന്റെയും ഭക്തിയുടെയും ഈ പുണ്യോത്സവം എല്ലാവർക്കും സന്തോഷം, സമൃദ്ധി, ഭാഗ്യം, നല്ല ആരോഗ്യം എന്നിവ കൊണ്ടുവരട്ടെ എന്ന് ഇരുവരും ആശംസിച്ചു.

✪✪✪

2020 ലെ അതിർത്തി സംഘർഷത്തെ തുടർന്ന് ഇന്ത്യക്കും ചൈനയ്ക്കും ഇടയിലുണ്ടായ വിശ്വാസരാഹിത്യം പരിഹരിക്കാൻ ഇരു രാജ്യങ്ങളും അംഗീകരിച്ച അതിർത്തി നിർണയ സംവിധാനം പുനരുജ്ജീവിപ്പിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. ഇന്ത്യ-ചൈന അതിർത്തിയിൽ പ്രശ്നങ്ങളും സംഘർഷങ്ങളും ഒഴിവാക്കി സമാധാനവും ശാന്തിയും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ചൈനീസ് പ്രതിരോധ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ എടുത്തുപറഞ്ഞു. ഉഭയകക്ഷി ബന്ധങ്ങളിൽ സാധാരണ നില തിരിച്ചുകൊണ്ടുവരാൻ ഇരുരാജ്യങ്ങളും ശ്രമിച്ചുവരികയാണെന്നും അദ്ദേഹം അറിയിച്ചു. വിവിധ തലങ്ങളിൽ

പ്രശ്നപരിഹാരത്തിനും സംഘർഷ ലഘൂകരണത്തിനും കൂടിയാലോചനകൾ തുടരാനും രാജ്നാഥ്സിംഗും, അഡ്മിറൽ ഡോംഗ് ജുനും കൂടിക്കാഴ്ച യിൽ തീരുമാനിച്ചു.

✪✪✪

2019 മുതൽ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാത്ത രാഷ്ട്രീയ പാർട്ടികളുടെ അംഗീകാരം എടുത്തുകളയാൻ തിരഞ്ഞെടുപ്പു കമ്മീഷൻ നടപടിയാരംഭിച്ചു. രജിസ്റ്റർ ചെയ്തതും, എന്നാൽ അവശ്യവ്യവസ്ഥകൾ പാലിക്കാത്തതുമായ 345 പാർട്ടികൾ പട്ടികയിലുണ്ട്. സ്വന്തമായി ഓഫീസുകൾ പോലുമില്ലാത്ത പാർട്ടികളാണ് ഇവയിൽ ഏറെയും.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്ത  മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.  എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത  നൽകി.  മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.  നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ഡാമുകളിലെ  ജലനിരപ്പ് ക്രമീകരിച്ചു തുടങ്ങി. ഇതിന്റെ ഭാഗമായി മലമ്പുഴ ഡാമിന്റെ 4 സ്പിൽവേ  ഷട്ടറുകൾ രാവിലെ 5 സെന്റീമീറ്റർ വീതം ഉയർത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

..........വോയ്സ്...........

മലമ്പുഴ ഡാം തുറന്ന സാഹചര്യത്തിൽ കൽപ്പാത്തി ,ഭാരതപ്പുഴകളുടെ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.പൂർണ്ണ സംഭരണ ശേഷിയോട് അടുത്ത മീങ്കര ഡാമിന്റെ രണ്ട് സ്പിൽവേ ഷട്ടറുകൾ ഇന്നലെ തുറന്നിരുന്നു.5 സെന്റീമീറ്റർ വീതമാണ് ഷട്ടറുകൾ ഉയർത്തിയിരിക്കുന്നത്. ഗായത്രി പുഴയുടെ തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.കാഞ്ഞിരപ്പുഴ ഡാമിന്റെ 3 സ്പിൽവേ ഷട്ടറുകൾ 20 സെന്റി മീറ്ററിൽ നിന്നും 30 തിലേക്ക് ഉയർത്തിയിട്ടുണ്ട്.മംഗലം ഡാമിന്റെ 6 ഷട്ടറുകളും 30 സെന്റീമീറ്റർ വീതം തുറന്നിട്ടുണ്ട്.ജലനിരപ്പ് അനുവദനീയമായ അളവിൽ കൂടാതിരിക്കാൻ ശിരുവാണി ഡാമിന്റെ സ്ലൂയിസ് ഷട്ടറും ഉയർത്തിയിട്ടുണ്ട്.

✪✪✪

ജലനിരപ്പ് അപകടകരമായി ഉയർന്നതിനെ തുടർന്ന് കോഴിക്കോട് കോരപ്പുഴ, മലപ്പുറം ജില്ലയിലെ ഭാരതപുഴ, തൃശൂരിലെ കരുവല്ലൂർ, ചാലക്കുടി, പാലക്കാട്- കാവേരി, വയനാട്- കബനി നദികളിൽ മഞ്ഞ ജാഗ്രത നൽകി. തീരവാസികൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

വയനാട് ജില്ലയിൽ കാലവർഷത്തിന് നേരിയ തോതിൽ ശക്തി കുറഞ്ഞു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴയെ തുടർന്ന് നദികളിൽ ജലനിരപ്പ് ഉയർന്നിരിക്കുകയാണ്.

വയനാട് പ്രതിനിധി അരുൺ വിൻസന്റിന്റെ റിപ്പോർട്ട്..

........വോയ്സ്.........

✪✪✪

നിലമ്പൂർ MLA ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ R. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകിട്ട് മൂന്നരയ്ക്ക് സ്പീക്കറുടെ മുന്നിലാണ് സത്യപ്രതിജ്ഞ.

✪✪✪

മുസ്ലീം ലീഗ് സംസ്ഥാന നേതൃയോഗം മലപ്പുറത്ത് ആരംഭിച്ചു. തദ്ദേശ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളും PV അൻവറിന്റെ മുന്നണി പ്രവേശനവുമുൾപ്പെടെ വിഷയങ്ങൾ യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

തൃശൂർ കൊടകരയിൽ അതിഥി തൊഴിലാളികൾ താമസിച്ചിരുന്ന ഇരുനില കെട്ടിടം ഇടിഞ്ഞുവീണ് മുന്ന് പേർ മരിച്ചു. പശ്ചിമ ബംഗാൾ സ്വദേശികളായ രൂപൽ, രാഹുൽ, ആലിം എന്നിവരാണ് മരിച്ചത്. അപകടസമയത്ത് 12 പേർ കെട്ടിടത്തിൽ ഉണ്ടായിരുന്നു. ജോലിസ്ഥലത്തേക്കു പോകാൻ തൊഴിലാളികൾ ഇറങ്ങുന്നതിനിടയിലാണ് വീട് തകർന്നത്. ഒമ്പത് പേർ ഓടി രക്ഷപ്പെട്ടു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന കെട്ടിടങ്ങളുടെ കാലപ്പഴക്കം പരിശോധിച്ച് നടപടി എടുക്കുമെന്ന് കലക്ടർ അറിയിച്ചു.

✪✪✪

കെട്ടിടം ഇടിഞ്ഞുവീണ് മൂന്ന് അതിഥി തൊഴിലാളികൾ മരിച്ച സംഭവം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ലേബർ കമ്മീഷണർക്ക് മന്ത്രി V. ശിവൻകുട്ടി നിർദ്ദേശം നൽകി. തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ വേണ്ട നടപടികൾ തൊഴിൽ വകുപ്പ് കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഭൂപരിഷ്ക്കരണ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യം ഇപ്പോഴില്ലെന്ന് മന്ത്രി K രാജൻ പറഞ്ഞു. സംസ്ഥാന റവന്യൂ, സർവെ - ഭൂരേഖാ വകുപ്പ് സംഘടിപ്പിക്കുന്ന നാല് ദിവസത്തെ ഡിജിറ്റൽ റീസർവെ 'ഭൂമി' ദേശീയ കോൺക്ലേവിന്റെ ഭാഗമായ പ്രതിനിധി യോഗം കോവളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രാജ്യത്തിന്റെ വിവിധ മേഖലകളിലും ഭൗതിക സാഹചര്യങ്ങളിലും വലിയ മാറ്റങ്ങൾ വരുമ്പോഴും ഭൂപരിപാലന രംഗത്ത് വേണ്ടതുപോലെ മാറ്റം ഉണ്ടാവുന്നില്ലെന്ന് K രാജൻ അഭിപ്രായപ്പെട്ടു.

✪✪✪

എടപ്പാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിങ് ആൻഡ് റിസർച്ച്, കമ്പ്യൂട്ടർ ലാബ്, IDTR മൊബൈൽ ആപ്ലിക്കേഷൻ എന്നിവ മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതാണ് പദ്ധതി.

മലപ്പുറം KSRTC ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലെക്സും വൈകിട്ട് മന്ത്രി ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും.

✪✪✪

ചെന്നൈയിൽ ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ് ടൂർണ്ണമെന്റ് വനിതാ വിഭാഗത്തിൽ ഒഡീഷ ഹോക്കി അസോസിയേഷനും പഞ്ചാബും ഫൈനലിൽ ഏറ്റുമുട്ടും. ഉച്ചയ്ക്ക് രണ്ടിനാണ് ഫൈനൽ.

✪✪✪

കണ്ണൂരിൽ സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കോഴിക്കോട് ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് തിരുവനന്തപുരത്തെ പരാജയപ്പെത്തി. മറ്റൊരു മത്സരത്തിൽ തൃശൂർ പത്തനംതിട്ടയെ എതിരില്ലാത്ത ഒമ്പത് ഗോളുകൾക്ക് തോൽപിച്ചു.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗവുമായി ബന്ധപ്പെട്ട പഴയ ഫയലുകൾ തീർപ്പാക്കുന്നതിന് നാളെ ഫയൽ അദാലത്ത് സംഘടിപ്പിക്കും. കണ്ണൂർ, കോഴിക്കോട്, മലപ്പുറം RDD മാരുടെ കീഴിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ 2024 ഡിസംബർ 31 വരെ തീർപ്പാക്കാത്ത ഫയലുകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. കോഴിക്കോട് നടക്കാവ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ അദാലത്ത് മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

✪✪✪

SFI പതിനെട്ടാം അഖിലേന്ത്യ സമ്മേളനത്തിന് കോഴിക്കോട്ട് തുടക്കമായി. പ്രതിനിധി സമ്മേളനം മുതിർന്ന ദൃശ്യ മാധ്യമ പ്രവർത്തകൻ ശശികുമാർ ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനം 30 ന് കടപ്പുറത്തെ ഫ്രീഡം സ്ക്വയറിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ S. അയ്യർ വിതരണം ചെയ്തു. തുറമുഖ നിർമ്മാണത്തെത്തുടർന്ന് ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടെന്ന് കണ്ടെത്തിയ 15 കുടുംബങ്ങൾക്കാണ് 43 ലക്ഷം രൂപയോളം നഷ്ടപരിഹാരം നൽകിയത്.

ഇതുവരെ 2,940 കുടുംബങ്ങൾക്കായി 114 കോടി 73 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

ആകാശവാണി പ്രക്ഷേപണത്തിന്റെ 90-ാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നിലയം കാഴ്ചപരിമിതർക്കായി പ്രത്യേക പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ PT ബാബുരാജ് പരിപാടി ഉദ്ഘാടനം ചെയ്തു. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റിന്റെ സഹകരണത്തോടെയാണ്, ഹെലൻ കെല്ലറിന്റെ ജന്മദിനമായ ഇന്ന് ഉൾചെരാത് എന്ന പരിപാടി സംഘടിപ്പിച്ചത്. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം വിഭാഗം മേധാവി PA ബിജു അധ്യക്ഷനായിരുന്നു.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിലെ താൽകാലിക അനൗൺസറും തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലെ കൃഷിദർശൻ അവതാരകനുമായ സജികുമാർ പോത്തൻകോട് നിര്യാതനായി. 49 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: നിമിഷ ജി*
*CNRT : രജിന കെ*
*DEO : സി കെ സുബോധ്*